**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** **26-07-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ഭൂരേഖകളുടെയും സൂക്ഷിപ്പും പരിപാലനവും അതത് വില്ലേജ് ഓഫീസുകളിലായതിനാൽ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. |
| (ബി) | ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസ് എന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ | (ബി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള |

| | | | |
|---|---|---|---|
| | ആവശ്യകത പരിഗണിച്ച് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ; | | അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. |
| (സി) | സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത് ; അവയുടെ പുരോഗതി വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART)റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇ-ഡിസ്ട്രിക്ട് വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. 2. ആർ.ആർ. |

| | | | |
|---|---|---|---|
| | | | ഓൺലൈൻ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ.ഓൺലൈൻ. 3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. 4. ഇ-പെയ്മെന്റ് സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 5. ഇ-പോസ് ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എല്ലാ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെയും പ്രവർത്തനം 100% സ്മാർട്ട് ആക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ